اتّحاد الأولاد السنيّين لعموم كيرالا

# SAMASTHA KERALA SUNNI BALA VEDI

(Under:SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL)

സമസ്താലയം, ചേളാരി, പി.ഒ തേഞ്ഞിപ്പലം, പിൻ- 673 636, മലപ്പുറം, ഫോൺ : 8714608987

website : www.sksbvstate.com, Email: sksbvstate@gmail.com

SKSBV Circular No/08/2025-2026
18-08-2025

**സമസ്ത കേരള സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ , എസ്.കെ.എസ്.ബി.വി ജില്ല , റെയ്ഞ്ച്, മദ്റസ ഭാരവാഹികളെ അറിയിക്കുന്നത്**

**മാന്യരേ, السّلام عليكم**

**എസ്.കെ.എസ്.ബി.വിയുടെ പദ്ധതികളും പ്രവർത്തനങ്ങളും കാര്യക്ഷമമായും സമയബന്ധിത- മായും നടക്കുന്നുണ്ടല്ലോ! അല്ലാഹു നമ്മുടെ പ്രവർത്തനങ്ങളെല്ലാം സ്വാലിഹായ കർമ്മങ്ങളിൽ ഉൾപ്പെടുത്തട്ടെ ! ആമീൻ..**

## SKSBV റബീഅ് കാമ്പയിൻ

## റബീഉൽ അവ്വൽ 1 – 30

### (2025 ഓഗസ്റ്റ് 25 – സെപ്റ്റംബർ 25)

അന്ത്യപ്രവാചകർ മുഹമ്മദ് നബി (സ്വ)യുടെ 1500-ാം ജന്മദിനം കൊണ്ട് അനുഗ്രഹീതമായ പരിശുദ്ധ റബീഉൽ അവ്വൽ മാസം സമാഗതമാവുകയാണല്ലോ ! പുണ്യമാസത്തിന്റെ മഹത്വവും സന്ദേശവും പകർന്നു നൽകുന്നതോടൊപ്പം വിദ്യാർത്ഥികളിൽ പ്രവാചക സ്നേഹം വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നമ്മുടെ സംഘടന **സ്നേഹപ്രവാചകരുടെ ഒന്നര സഹസ്രാബ്ദം** എന്ന പ്രമേയത്തിൽ **റബീഉൽ അവ്വൽ 1 മുതൽ 30 വരെ** താഴെ പറയുന്ന പരിപാടികളോടെ റബീഅ് കാമ്പയിൻ ആചരിക്കുകയാണ്.

### 1. മീലാദ് വിളംബര റാലി (റെയ്ഞ്ച് തലങ്ങളിൽ) ഓഗസ്റ്റ് 25-31

റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ ഉസ്താദുമാരുടെ നേതൃത്വത്തിൽ മദ്റസകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട യൂണിഫോം അണിഞ്ഞ മുതിർന്ന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കൊണ്ട് ദഫ്, സ്കൗട്ട് (ഒന്നു വീതം) ടീമുകളുടെ അകമ്പടിയോടെ വിളംബര റാലി സംഘടിപ്പിക്കുക.

### 2. റബീഅ് മെസ്സേജ് (റബീഉൽ അവ്വൽ 1 – 30)

പുണ്യ നബി (സ്വ)യുടെ ജന്മദിനം, മഹത്വം, തിരുചര്യകൾ, തിരുവചനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സന്ദേശങ്ങൾ പ്രചരിപ്പിക്കുക.സംസ്ഥാന കമ്മിറ്റി തയ്യാറാക്കി നൽകുന്ന പോസ്റ്ററുകൾ സാമൂഹ്യ മാധ്യമങ്ങളി ലൂടെ പ്രചരിപ്പിക്കുകയും പ്രിന്റെടുത്ത് മദ്റസാ സൈറ്റ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുക.

P.T.O

**3. വീട്ടകം മൗലിദ്**

റബീഉൽ അവ്വൽ 1 മുതൽ 30 വരെ മദ്റസാ പരിധിയിലെ സാധ്യമാകുന്ന വീടുകളിൽ ഉസ്താദുമാരുടെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികളും മുതിർന്ന ആൺകുട്ടികളും ഒരുമിച്ചു കൂടി മൗലിദ് സദസ്സ് സംഘടിപ്പിക്കുകയും സാധ്യമാകുന്ന വിധം തബറുക് വിതരണം നടത്തുകയും ചെയ്യുക.

**4. ഇശ്ഖ് മജ്ലിസ്**

നബി (സ്വ) യുടെ 1500-ാം ജന്മദിനത്തോടനുബന്ധിച്ചും സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ നൂറാം വാർഷിക പ്രചരണാർത്ഥവും എസ്.കെ.ജെ.എം.സി.സി സംഘടിപ്പിക്കുന്ന 1500 ഇശ്ഖ് മജ്ലിസുകളുടെ ഭാഗമായി റബീഉൽ അവ്വൽ 20 നു മുമ്പ് റെയ്ഞ്ചിന്റെ ഒരു ഭാഗത്ത് (റെയ്ഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ കമ്മിറ്റി നിർദ്ദേശിക്കുന്ന സ്ഥലത്ത് ) എസ്.കെ.എസ്.ബി.വി യുടെ നേതൃത്വത്തിൽ ഇശ്ഖ് മജ്ലിസ് സംഘടിപ്പിക്കണം.

**കാമ്പയിനിന്റെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ പിന്തുണയും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.**

*********************

**സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ**

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**ഇ-മെയിൽ : sksbvstate@gmail.com**

**എന്ന്**
**ഹർഷാദ് കുറ്റിക്കടവ് (ഒപ്പ്)**
**ജനറൽ സെക്രട്ടറി**
**SKSBV സംസ്ഥാന കമ്മിറ്റി**

**സമസ്താലയം**
**18-08-2025**